KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesacitusc@gmail.com Web : www.ksfesa.com

President
Elamaram Kareem
Mob : 9400307786

General Secretary
S.Muraleekrishnapillai
Mob : 9446538432

---

Date : 13.03.2020

സ്വീകർത്താവ്

ശ്രീ വിപി സുബ്രമണ്യൻ,
മാനേജിങ് ഡയറക്ടർ
കെഎസ്എഫ്ഇ ലിമിറ്റഡ്
തൃശൂർ -20

സർ ,

**വിഷയം : കൊറോണ വൈറസ് - ആവശ്യമായ പ്രതിരോധ മാര്ഗ്ഗങ്ങളും ജീവനക്കാർക്കാവശ്യമായ സുരക്ഷാ മുൻകരുതലുകളും സ്വീകരിക്കണമെന്ന ആവശ്യം - സംബന്ധിച്ച്**

താഴെ കൊടുക്കുന്ന പ്രശ്നങ്ങളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് 19 പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട ഞങ്ങൾ നേരത്തെ ഉയർത്തിയ ആവശ്യങ്ങളോട് ഉചിതമായ രീതിയിൽ സമയബന്ധിതമായി പ്രതികരിച്ചതിന് ആദ്യമായി നന്ദി അറിയിക്കുന്നു .രോഗത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് കേരളാ സർക്കാർ ശക്തമായ മുൻകരുതൽ നിർദേശങ്ങളും സുരക്ഷാ മാർഗനിർദേശങ്ങളും പ്രഖ്യാപിച്ച സാഹചര്യത്തിൽ,കെ എസ് എഫ് ഇ യിലും ആവശ്യമായ ക്രമീകരണം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

എന്നാൽ 15 .3 .2020 (അവധി ദിവസം ) സംസ്ഥാനാടിസ്ഥാനത്തിൽ ജീവനക്കാരുടെ യോഗം കൊല്ലത്ത് വിളിച്ചതായി അറിയാൻ കഴിഞ്ഞു. കോവിഡ് 19 പകർച്ചവ്യാധി പശ്ചാത്തലത്തിൽ കേരളാ സർക്കാർ തന്നെ യോഗങ്ങൾക്കു കർശന നിയന്ത്രണമേർപ്പെടുത്തിയ സാഹചര്യത്തിൽ ഇത്തരം യോഗംവിളിക്കുന്നതു അനുചിതമാണെന്നറിയിക്കുന്നു .അവധി ദിവസം ജീവനക്കാരുടെ യോഗം വിളിക്കാനുള്ള തീരുമാനത്തിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു.അനുചിതവും അനാരോഗ്യകരവുമായ നീക്കത്തിൽ നിന്ന് പിൻവാങ്ങണമെന്ന് ആവശ്യപ്പെടുന്നു. ചെയർമാനും മാനേജിങ് ഡയറക്ടർക്കും കല്യാണം കൂടൽ ചടങ്ങുകൾ നടക്കുന്നിടത്തെല്ലാം യോഗം വിളിക്കാൻ കെഎസ് എഫ് ഇ ജീവനക്കാർ വഴിയിൽ വച്ചിട്ടുള്ള ചെണ്ടയല്ലെന്നു ഓർമിപ്പിക്കുന്നു .

മാനേജമെന്റിന്റെ നിഷേധാത്മകവും നീതിരഹിതവുമായ സമീപനം ഒന്നുകൊണ്ടു മാത്രം സ്ഥാപനത്തിൽ ജോയിൻ ചെയ്തിട്ട് മൂന്നു വർഷമായിട്ടും അനുകൂലമായി സ്ഥലംമാറ്റം ലഭിക്കാത്ത ജീവനക്കാർക്ക് ഇരുട്ടടിയായാണ് കൊറോണ എത്തിയത്. ഹോസ്റ്റലുകളിൽ നിന്നും ഒഴിഞ്ഞു പോകാൻ അവർക്കു നിർദേശം ലഭിച്ചിരിക്കുകയാണ്. ജീവനക്കാരിൽ മഹാഭൂരിപക്ഷവും കൈക്കുഞ്ഞുങ്ങളുള്ള വനിതാ ജീവനക്കാരാണ്. ഇവർക്ക് സുരക്ഷിതമായ താമസസൗകര്യം ഒരുക്കുകയോ സ്പെഷൽ കാഷ്വൽ ലീവ് നൽകി അവധി നൽകുകയോ ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

കെഎസ് എഫ് ഇ വരിക്കാരിൽ നല്ലൊരുഭാഗം പ്രവാസികളാണ്. പനിയുമായി ആശുപത്രിയിൽ ചെല്ലുന്ന കെഎസ് എഫ് ഇ ജീവനക്കാരോട് house quarantine ൽ പോകാൻ ഡോക്ടർമാർ നിര്ദേശിക്കുകയാണ് . ഇങ്ങനെ നിര്ദേശിക്കപ്പെടുന്ന ജീവനക്കാർക്ക് സ്പെഷൽ കാഷ്വൽ ലീവ് അനുവദിക്കണമെന്നും ആവശ്യപ്പെടുന്നു.

13/3/2020

എസ് . മുരളീകൃഷ്ണപിള്ള
ജനറൽ സെക്രട്ടറി